# NATIONAL BULLETIN

**DATE: 22.07.2025** **TIME :07.25 AM**

## പ്രധാന വാർത്തകൾ

1. ഉപരാഷ്ട്രപതി ജഗദീപ് ധൻകർ രാജിവെച്ചു; രാജി ആരോഗ്യകരണങ്ങളാൽ; രാജ്യചരിത്രത്തിലെ പരിവർത്തന ഘട്ടത്തിൽ സേവനമനുഷ്ഠിക്കാനായതിൽ ചാരിതാർത്ഥ്യമെന്ന് ശ്രീ ധൻകർ.

   **Vice President Jagdeep Dhankhar resigns; Resignation due to health reasons; Vice President said that serving in this transformative era of this nation's history has been a true honour.**

2. ഇന്നലെ അന്തരിച്ച മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദന് കേരളം വിട നൽകുന്നു; പ്രിയനേതാവിനെ ഒരു നോക്ക് കാണാൻ ഒഴുകിയെത്തി ആയിരങ്ങൾ; രാവിലെ 9 ന് ദർബാർ ഹാളിൽ പൊതുദർശനം; സംസ്കാരം നാളെ ആലപ്പുഴയിൽ.

   **Kerala bids farewell to former Chief Minister V.S. Achuthanandan, who passed away yesterday; Thousands flocked to catch a glimpse of their beloved leader; Final tribute at Durbar Hall starts at 9 am; Funeral tomorrow in Alappuzha.**

3. പൊതുസേവനത്തിനും കേരളത്തിന്റെ പുരോഗതിക്കുമായി ജീവിതം സമർപ്പിച്ച വ്യക്തിത്വമായിരുന്നു വിഎസ് അച്യുതാനന്ദനെന്ന്

അനുശോചന സന്ദേശത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

**In his condolence message, Prime Minister Narendra Modi said that VS Achuthanandan was a personality who dedicated his life to public service and the progress of Kerala.**

4. പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ധനമന്ത്രി നിർമല സീതരാമൻ; ദീർഘകാല തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലാണ് സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും ധനമന്ത്രി.

**Finance Minister Nirmala Sitharaman said that the Government has taken a series of measures to control inflation, with the focus on generating sustainable employment.**

5. ഇന്ത്യയുടെ ദിവ്യ ദേശ്മുഖ് വനിതാ ചെസ് ലോകകപ്പ് സെമിയിൽ; ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്.

**India's Divya Deshmukh in the semi-finals of the Women's Chess World Cup; The third match of the India-England women's ODI cricket series to be played today.**

***********************************

## VP-RESIGN (INTRO)

ഉപരാഷ്ട്രപതി ജഗദീപ് ധൻകർ രാജിവെച്ചു. ആരോഗ്യകാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് രാജി.
**വിശദാംശങ്ങളിലേയ്ക്ക്............**

(വോയിസ്)

## VP – RESIGN (VOICE)

അഭിമാനത്തോടെയാണ് പടിയിറങ്ങുന്നതെന്നും മെഡിക്കൽ ഉപദേശങ്ങൾ കൂടി കണക്കിലെടുത്താണ് രാജിയെന്നും അദ്ദേഹം വ്യക്തമാക്കി. പാർലമെന്റ് അംഗങ്ങളിൽ നിന്നും ലഭിച്ച ഊഷ്മളമായ പരിഗണനയും സ്നേഹവും വിശ്വാസവും എന്നെന്നും ഓർമ്മയിൽ സൂക്ഷിക്കുമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. വിലമതിക്കാനാവാത്ത സഹകരണവും പിന്തുണയും പ്രധാനമന്ത്രിയിൽ നിന്ന് ലഭിച്ചു. ഈ മഹത്തായ ജനാധിപത്യരാഷ്ട്രത്തിന്റെ ഉപരാഷ്ട്രപതി പദവിയിൽ സ്വായത്തമാക്കിയ വിലമതിക്കാനാവാത്ത അനുഭവങ്ങൾക്കും ഉൾക്കാഴ്ചകൾക്കും അഗാധമായ നന്ദി, അദ്ദേഹം പറഞ്ഞു. ഈ സുപ്രധാന കാലയളവിൽ രാജ്യത്തിൻറെ ശ്രദ്ധേയമായ സാമ്പത്തിക പുരോഗതിക്കും അഭൂതപൂർവമായ വികസനത്തിനും സാക്ഷ്യം വഹിക്കാനും അതിൽ പങ്കാളിയാകാനും കഴിഞ്ഞതിൽ ശ്രീ ധൻകർ സംതൃപ്തി പ്രകടിപ്പിച്ചു. രാജ്യചരിത്രത്തിലെ പരിവർത്തന കാലഘട്ടത്തിൽ സേവനമനുഷ്ഠിക്കാനായത് യഥാർത്ഥ ബഹുമതിയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. 2022 ഓഗസ്റ്റിലാണ് ജഗദീപ് ധൻകർ ഉപരാഷ്ട്രപതിയായി ചുമതലയേറ്റെടുത്തത്. 2027 വരെ കാലാവധിയുണ്ടായിരുന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി...............

**************************************

## VS (INTRO)

ഇന്നലെ അന്തരിച്ച മുൻ മുഖ്യമന്ത്രി വിഎസ് അച്യുതാനന്ദന് കേരളം വിട നൽകുന്നു. വി.എസിൻ്റെ ഭൗതികദേഹം ഇന്നലെ വൈകിട്ട് തിരുവനന്തപുരത്തെ എ.കെ.ജി പഠനകേന്ദ്രത്തിലെത്തിച്ചു. പ്രിയനേതാവിനെ അവസാനമായി ഒരുനോക്ക് കാണാൻ ജനസാഗരമാണ് എ.കെ.ജി പഠനകേന്ദ്രത്തിലേക്ക് ഒഴുകിയെത്തിയത്. 'കണ്ണേ കരളേ വിഎസ്സേ,

ഇല്ലാ ഇല്ലാ മരിക്കുന്നില്ല' തുടങ്ങിയ മുദ്രാവാക്യങ്ങൾ മുഴക്കി, തടിച്ചു കൂടിയ പുരുഷാരം നേതാവിന് യാത്രമൊഴിയേകി. അതി വൈകാരിക രംഗങ്ങൾക്കാണ് എ.കെ.ജി പഠന കേന്ദ്രം സാക്ഷ്യം വഹിച്ചത്. രാത്രിയോടെ ഭൗതിക ശരീരം കവടിയാറിലെ വസതിയിലെത്തിച്ചു. നിയന്ത്രണമുണ്ടായിരുന്നെങ്കിലും വി എസിനെ ഒരു നോക്ക് കാണാൻ വസതിയിലേക്കും ജനങ്ങൾ ഒഴുകിയെത്തി. കവടിയാറിലെ വീട്ടിൽ നിന്ന് ഭൗതിക ശരീരം രാവിലെ ദർബാർ ഹാളിലെത്തിക്കും. പൊതുദർശനവും വിലാപയാത്രയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഒരു റിപ്പോർട്ട്)

## VS (VOICE)

വിഎസിന്റെ ഭൗതിക ശരീരം ഇന്ന് രാവിലെ 9 മണി മുതൽ സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ പൊതുദർശനത്തിന് വയ്ക്കും. ഉച്ചയ്ക്ക് ശേഷം വിലാപയാത്രയായി ദേശീയപാതയിലൂടെ കൊല്ലം വഴി ആലപ്പുഴയിലേക്ക് കൊണ്ടുപോകും. അന്ത്യയാത്രക്കിടെയിൽ വിവിധയിടങ്ങളിൽ പൊതുജനങ്ങൾക്ക് വി.എസിനെ കാണാൻ അവസരമുണ്ടാകും. തുടർന്ന് ഇന്ന് രാത്രിയോടെ പുന്നപ്ര പറവൂരിലെ വസതിയിലെത്തിക്കും. നാളെ രാവിലെ 9 മണി മുതൽ ആലപ്പുഴ ജില്ലാ കമ്മിറ്റി ഓഫീസിലും 10 മണി മുതൽ ആലപ്പുഴ റിക്രിയേഷൻ ഗ്രൗണ്ടിലും പൊതുദർശനത്തിന് വയ്ക്കും. ഉച്ച കഴിഞ്ഞ് 3.00 മണിക്ക് വലിയ ചുടുകാടിൽ ഔദ്യോഗിക ബഹുമതികളോടെയാകും സംസ്കാരച്ചടങ്ങ് നടക്കുക. അതിനുശേഷം സർവ്വകക്ഷി അനുശോചന യോഗവുമുണ്ടാകും. ന്യൂസ് ഡെസ്ക് ആകാശവാണി....................

************************************

## VS – PM CONDOLENCE

മുൻമുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ വിയോഗത്തിൽ അനുശോചനം അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

പൊതുസേവനത്തിനും കേരളത്തിന്റെ പുരോഗതിക്കുമായി തന്റെ ജീവിതം സമർപ്പിച്ച വ്യക്തിത്വമായിരുന്നു വിഎസ് അച്യുതാനന്ദനെന്ന് പ്രധാനമന്ത്രി അനുസമരിച്ചു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ കുടുംബത്തിന്റെയും ജനങ്ങളുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായും ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

************************************

## VS-CONDOLENCE

മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ വിയോഗത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ തുടങ്ങിയവർ അനുശോചിച്ചു. മന്ത്രിമാർ, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് തുടങ്ങിയവരും അനുശോചനം രേഖപ്പെടുത്തി. മുൻ മുഖ്യമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ എ കെ ആന്റണി വി എസിന് അന്തിമോപചാരം അർപ്പിച്ചു.

************************************

## VS OFFICIAL MOURNING

വി.എസ്. അച്യുതാനന്ദന്റെ വിയോഗത്തെത്തുടർന്ന് തുടർന്ന് സംസ്ഥാനത്ത് മൂന്ന് ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം. ഈ ദിവസങ്ങളിൽ സംസ്ഥാനത്തുടനീളം ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും. ഇന്ന് സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകൾക്കും, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, സ്വയംഭരണ സ്ഥാപനങ്ങൾക്കും അവധിയാണ്. കെഎസ്ഇബി കാര്യാലയങ്ങൾക്കും അവധിയായിരിക്കും. മഹാത്മാഗാന്ധി സർവകലാശാല ഇന്ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവെച്ചു. നാളെ നടത്താൻ നിശ്ചയിച്ചിരുന്ന പിഎസ്സി പരീക്ഷകളും

ഇന്റർവ്യൂവും മാറ്റിവെച്ചിട്ടുണ്ട്. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

***********************************

## MODI VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ UK മാലിദ്വീപ് സന്ദർശനത്തിന് നാളെ തുടക്കം. നാളെ മുതൽ ഈ മാസം 26 വരെയാണ് അദ്ദേഹം ദ്വിരാഷ്ട്ര പര്യടനം നടത്തുന്നതെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

***********************************

## ECI- BIHAR SIR

ഓരോ പോളിംഗ് സ്റ്റേഷനിലും 1,200 ൽ താഴെ മാത്രം വോട്ടർമാരുള്ള രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി ബിഹാർ. നീണ്ട ക്യൂകൾ കുറയ്ക്കുകയും വോട്ടിംഗ് പ്രക്രിയ കൂടുതൽ സുഗമമാക്കുന്നതിന്റെയും ഭാഗമായാണ് നടപടിയെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇതോടെ ബീഹാറിലെ മൊത്തം പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം 77,895 ൽ നിന്ന് 90,712 ആയി ഉയരും.

***********************************

## PARLIAMENT ADJOURNED

പാർലമെൻറിൻറെ വർഷ കാലസമ്മേളനത്തിന്റെ ആദ്യദിനം പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇരുസഭകളും തടസ്സപ്പെട്ടു. ലോക്സഭയിൽ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ വിവിധ വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷം പ്രതിഷേധവുമായി രംഗത്തെത്തി. പഹൽഗാം ഭീകരാക്രമണത്തിലും അഹമ്മദാബാദ് വിമാനപകടത്തിലും കൊല്ലപ്പെട്ടവർക്ക് ഇരുസഭകളും ആദരാഞ്ജലി അർപ്പിച്ചു. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക്

വിജയകരമായ യാത്ര നടത്തിയ ക്യാപ്റ്റൻ ശുഭാംശു ശുക്ലയെ ലോക്സഭാ സ്പീക്കർ ഓം ബിർള അഭിനന്ദിച്ചു. ഈ നേട്ടത്തെക്കുറിച്ച് വിശദമായ ചർച്ച സഭയിൽ നടക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

*************************************

## PARLIAMENT ADJOURN

പഹൽഗാം ഭീകരാക്രമണം, ഓപ്പറേൻ സിന്ദൂർ എന്നിവ സംബന്ധിച്ച് ഉടൻ ചർച്ച വേണമെന്ന് പ്രതിപക്ഷ പാർട്ടികൾ ലോക്സഭയിലും രാജ്യസഭയിലും ആവശ്യമുന്നയിച്ചു. പാർലമെന്റിൽ എല്ലാ വിഷയങ്ങളും ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണെന്ന് രാജ്യ രക്ഷാമന്ത്രി രാജ്നാഥ് സിങ്ങും പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജുവും ഉറപ്പുനൽകി. എന്നാൽ പ്രതിപക്ഷ ബഹളം കാരണം ലോക്സഭ പലതവണ നിർത്തിവച്ചു. ഉച്ചയ്ക്ക് 2:00 മണിക്ക് സഭ നിർത്തിവച്ച ശേഷം വൈകുന്നേരം 4 മണിക്ക് വീണ്ടും സമ്മേളിച്ചപ്പോഴും പ്രതിപക്ഷ പാർട്ടികളുടെ ബഹളം തുടർന്നതിനാൽ ലോക്സഭയും രാജ്യസഭയും ഇന്നലെ നിർത്തിവച്ചു.

*************************************

## LS – INFLATION

രാജ്യത്ത് പണപ്പെരുപ്പം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കേന്ദ്രധനമന്ത്രി നിർമല സീതരാമൻ. ദീർഘകാല തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിലുമാണ് കേന്ദ്രസർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് അവർ പറഞ്ഞു. രാജ്യത്തെ ശരാശരി ചില്ലറ പണപ്പെരുപ്പ നിരക്ക് 2024-25 കാലയളവിൽ 4.6 ശതമാനമായി കുറഞ്ഞെന്നും ശ്രീമതി നിർമലാ സീതാരാമൻ വ്യക്തമാക്കി.

*************************************

## RS-LADING BILL

ചരക്ക് കൈമാറ്റവുമായി ബന്ധപ്പെട്ട 2025 ലെ ലേഡിംഗ് ബിൽ പാർലമെൻറ് പാസ്സാക്കി. 1856 ലെ ഇന്ത്യൻ ബിൽസ് ഓഫ് ലേഡിംഗ് ആക്ടിന് പകരമായിരിക്കും പുതിയ ബിൽ. 2047 ഓടെ വികസിത രാജ്യമാക്കി മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് കേന്ദ്ര തുറമുഖ വകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ രാജ്യസഭയിൽ നടന്ന ചർച്ചയിൽ പറഞ്ഞു.

************************************

## IMPEACHMENT - YASHWANT VARMA

വസതിയിൽ നിന്ന് പണം കണ്ടെത്തിയ സംഭവത്തിൽ ജസ്റ്റിസ് യശ്വന്ത് വർമ്മയെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് പാർലമെന്റ് അംഗങ്ങൾ ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് നിവേദനം നൽകി. ജസ്റ്റിസ് വർമ്മയ്ക്കെതിരായ ഇംപീച്ച്മെന്റ് പ്രമേയത്തിൽ 145 ലോക്സഭാ അംഗങ്ങൾ ഒപ്പിട്ടു. അതെസമയം, ബന്ധപ്പെട്ട വിഷയം പാർലമെന്റ് അന്വേഷിക്കും.

************************************

## FIDE CHESS

ജോർജിയയിലെ ബറ്റുമിയിൽ നടക്കുന്ന FIDE വനിതാ ലോകകപ്പിന്റെ സെമിഫൈനലിൽ കടക്കുന്ന രണ്ടാമത്തെ ഇന്ത്യക്കാരിയായി ദിവ്യ ദേശ്മുഖ്. നാട്ടുകാരിയായ ഹരിക ദ്രോണവല്ലിയെ റാപ്പിഡ് ടൈ-ബ്രേക്കിൽ 2-0 ന് ദിവ്യ പരാജയപ്പെടുത്തി.

************************************

## WOMEN CRICKET

ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന് നടക്കും.

രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ട് എട്ടു വിക്കറ്റിന് ഇന്ത്യയെ പരാജയപ്പെടുത്തിയിരുന്നു.

************************************

## CRICKET – SQUAD UPDATE

കാൽമുട്ടിനേറ്റ പരിക്കിനെത്തുടർന്ന് ഓൾറൗണ്ടർ നിതീഷ് കുമാർ റെഡ്ഡിയ്ക്ക് ഇന്ത്യ - ഇംഗ്ലണ്ട് ടെസ്റ്റ് പരമ്പരയിലെ അവശേഷിക്കുന്ന മത്സരങ്ങൾ നഷ്ടമാകും. ബിസിസിഐ ഇക്കാര്യം സ്ഥിരീകരിച്ചു. നാലാം ടെസ്റ്റ് നാളെ മാഞ്ചസ്റ്ററിലെ എമിറേറ്റ്സ് ഓൾഡ് ട്രാഫോർഡിൽ ആരംഭിക്കും. 5 മത്സരങ്ങളുള്ള പരമ്പരയിൽ ആതിഥേയരായ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്.

************************************

## PRIVATE BUS STRIKE

സ്വകാര്യ ബസുടമകൾ ഇന്നു മുതൽ നടത്താനിരുന്ന അനിശ്ചിതകാല പണിമുടക്ക് മാറ്റി വച്ചു. ഗതാഗത മന്ത്രി കെ.ബി.ഗണേഷ് കുമാറുമായി സംയുക്ത സമിതി ഭാരവാഹികൾ നടത്തിയ ചർച്ചയിലാണ് തീരുമാനം. വിദ്യാർഥികളുടെ യാത്ര നിരക്ക് വർധനവ് സംബന്ധിച്ച് ഈ മാസം 29 ന് വീണ്ടും ചർച്ചയുണ്ടാകും.

************************************

## RAIN-KERALA

സംസ്ഥാനത്ത് മഴ ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഒഴികെ മറ്റെല്ലായിടത്തും ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 25 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

***********************************

## KANNUR ACCIDENT

കണ്ണൂർ കാടാച്ചിറയിൽ കെഎസ്ആർടിസി ബസ്സും സ്വകാര്യബസ്സും കൂട്ടിയിടിച്ച് 25 ലേറെ പേർക്ക് പരിക്ക്. കൂത്തുപറമ്പിൽ നിന്ന് കണ്ണൂരിലേക്ക് പോവുകയായിരുന്ന കെഎസ്ആർടിസി ബസ്സും കണ്ണൂരിൽ നിന്ന് തിരുനെല്ലി ക്ഷേത്രത്തിലേക്ക് പോവുകയായിരുന്ന സ്വകാര്യ ബസ്സും രാവിലെ 6 മണിയോടെയാണ് കൂട്ടിയിടിച്ചത്. പരിക്കേറ്റവരെ ചാലയിലെ സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിച്ചു.

*********************************************************************

*************************************